പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4890 04/07/2012 - ൽ മറുപടിക്ക്

## സാമൂഹ്യ മത്സ്യകൃഷി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) വയനാട്ടിലെ ജലസംഭരണികളിൽ മത്സ്യം വളർത്തുന്നതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേന്ദ്ര ഉൾനാടൻ മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ ബാംഗ്ലൂർ പ്രാദേശിക കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ കാരാപ്പുഴ ജലസംഭരണിയിൽ നടത്തിയ പഠനത്തിൽ ജില്ലയിലെ ജലസംഭരണികളിൽ മത്സ്യം വളർത്തുന്നതിനുള്ള സാധ്യത റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) സാമൂഹ്യ മത്സ്യകൃഷി പദ്ധതിയുടെ പ്രവർത്തനം ജില്ലയിൽ വിപുലപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) സാമൂഹ്യ മത്സ്യകൃഷി പദ്ധതിയിൽ ജില്ലയിലെ പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം വർഷങ്ങളായി നടപ്പിലാക്കി വരുന്നു. മത്സ്യകേരളം പദ്ധതിയിൽ ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലേയും പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം നടത്തിയിട്ടുണ്ട്. കൂടാതെ 2012-15 കാലയളവിൽ നടപ്പാക്കുന്ന 'മത്സ്യ സമൃദ്ധി' പദ്ധതിയിലും പൊതുജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപത്തിന് തുക വകയിരുത്തിയിട്ടുണ്ട്. |

(സി) ജില്ലയിലെ മത്സ്യകൃഷി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഫിഷ് ഹാച്ചറി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) മത്സ്യകൃഷി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ഏറ്റവും ആവശ്യമായ ഫിഷ് ഹാച്ചറി യൂണിറ്റ് വയനാട് ജില്ലയിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ഫിഷറീസ് വകുപ്പ് സ്വീകരിച്ചു വരുന്നു. ഫിഷ് ഹാച്ചറിക്കാവശ്യമായ സ്ഥലം ഫിഷറീസ് വകുപ്പിന് സ്വന്തമായുണ്ട്. വൈത്തിരി പഞ്ചായത്തിലെ തളിപ്പുഴ പ്രദേശത്തെ കുറെ യുവാക്കൾ അനധികൃതമായി കളിസ്ഥലമായി ഉപയോഗിച്ചു വരുന്ന പ്രസ്തുത സ്ഥലം ഹാച്ചറിയുടെ നിർമ്മാണമാരംഭിക്കുന്ന മുറയ്ക്ക് ഒഴിഞ്ഞുതരാനുള്ള തീരുമാനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, വൈത്തിരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ കൈക്കൊണ്ടിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തിൽ ഹാച്ചറി നിർമ്മാണത്തിനാവശ്യമായ തുക ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ